29
ജൂൺ 2023
വ്യാഴം
Pages- 5

# ക്രിസ്ത്യൻലൈവ് ദിനപത്രം

Vol. 2 Issue 147

On the Battlefield for the Great Commission

516



# ഗുജറാത്തിന് സമാനമായ വംശഹത്യ;

# കേന്ദ്രത്തിനെതിരെ ബിഷപ്പ് പാംപ്ലാനി

**മിസോറാമിലേക്ക് സുരക്ഷിതസ്ഥാനം തേടി എത്തിയത് പതിനായിരത്തിലേറെ മണിപ്പൂരികൾ**

പേജ് 04 കാണുക

എഡിറ്റോറിയൽ

ക്രിസ്ത്യൻ ലൈവ്

2023 ജൂൺ 29 വ്യാഴം



## സന്തുഷ്ട ഹൃദയമോ നിത്യം ഉത്സവം

യേശു കർത്താവ് തന്റെ അരും ശിഷ്യന്മാരുടെ മുഖത്തു നോക്കി ഇങ്ങനെ പറഞ്ഞു. നിങ്ങളുടെ ഹൃദയം കലങ്ങി പോകരുത്. ഹൃദയത്തിന്റെ കണ്ണാടിയാണ് മുഖം. ദുഖ സന്തോഷങ്ങളെ എത്ര ഒതുക്കിയാലും അല്പമെങ്കിലും അതു മുഖത്തു പ്രതിഫലിക്കും, എന്നാൽ ക്രിസ്തുവിൽ സന്തോഷം കണ്ടെത്തിയവർക്ക് എല്ലാ അവസരത്തിലും ഹൃദയത്തിനകത്തു കുമിഞ്ഞു കൂടുന്ന ചിന്തകളാണ് സകല ദുഖത്തിനും കാരണം. ചിന്തകളെ ദൈവീക പാതയിൽ തിരിച്ചുവിട്ടാൽ ആകുലങ്ങൾ അകന്നുമാറും. പൗലോസ് അപ്പോസ്തലൻ പറയുന്നു. ഒടുവിൽ സഹോദരന്മാരെ സത്യമായതൊക്കെയും ഘനമായതൊക്കെയും, രമ്യമായതൊക്കെയും നീതിയായതൊക്കെയും, നിർമ്മലമായതൊക്കെയും, സൽക്കീർത്തിയായത്, സൽഗുണമായതൊക്കെയും, പുകഴ്ചയായതൊക്കെയും ചിന്തിച്ചുകൊൾവീൻ. പ്രയോജനമില്ലാത്തതിനെക്കുറിച്ച് വ്യാകുലപ്പെട്ട് സമയം വെറുതെ കളയാതെ, ഉത്തമമായത്, ഉയരത്തിലുള്ളത് ചിന്തിക്കുക. ദൈവത്തോടുള്ള നന്ദിയാൽ ഹൃദയം നിറയപ്പെടുമ്പോൾ മുഖം പ്രസന്നമാകും. സന്തുഷ്ട ഹൃദയന്റെ വീട്ടിൽ നിത്യം ഉത്സവ പ്രതീതി ആയിരിക്കും. വായ്, ആശ്വാസവചനങ്ങളെ പൊഴിക്കും, കൈ പ്രയോജനപ്രവർത്തികളെ ചെയ്യും. കാൽ ശ്രേഷ്ഠമായതിലേക്ക് നടന്നടുക്കും. കണ്ണുകൾ മുൻപോട്ട് ദൃഷ്ടിവയ്ക്കും. സന്തുഷ്ട ഹൃദയം നല്ല ഒരു ഔഷധമാകുന്നു.



പാസ്റ്റർ ഷിബു തോമസ്, ഒക്ലഹോമ

# റ്റി എസ് ജോസഫ് ക്യാനഡയിൽ നിര്യാതനായി



റ്റൊറന്റോ : ഫൊക്കാന നേതാവും റ്റൊറന്റോ മലയാളി സമാജം (റ്റി എം എസ്) മുൻ പ്രസിഡന്റുമായ പാലാ രാമപുരം സ്വദേശി റ്റി എസ് ജോസഫ് തേവർകുന്നേൽ (86 വയസ്സ്) ക്യാനഡയിൽ നിര്യാതനായി.

കാനഡയിൽ വരുന്നതിന് മുൻപ് റ്റി എസ് ജോസഫ് നാട്ടിൽ കോളജ് പ്രൊഫസറും രാഷ്ട്രീയ നേതാവും ആയിരുന്നു. കാനഡയിൽ വന്ന ശേഷം എൻ ഡി പി യെ പ്രതിനിധീകരിച്ച് റിച്ച്മണ്ട് ഹിൽ റൈഡിംഗിൽ തിരഞ്ഞെടുപ്പിൽ മത്സരിച്ചിട്ടുണ്ട്. റ്റൊറന്റോയിലെ മലയാളി സംഘടന കെട്ടിപ്പടുക്കാൻ റ്റി എസ് ജോസഫ് മുഖ്യ പങ്കു വഹിച്ചു. കുട്ടികളെ മലയാളം പഠിപ്പിക്കുന്നതിൽ നേതൃത്വം വഹിച്ചിരുന്നു. റ്റി ഡി എസ് ബി മലയാളം ക്ലാസുകളുടെ സ്ഥാപകനുമായിരുന്നു ശ്രീ റ്റി എസ് ജോസഫ്. സീറോ മലബാർ ചർച്ച് സെക്രട്ടറിയായും മുൻപ് പ്രവർത്തിച്ചിട്ടുണ്ട്. റിച്ച്മണ്ട് ഹിൽറേറ്റ് പേയേഴ്സ് അസോസിയേഷന്റെയും എൻ ഡി പി യുടെയും സജീവ അംഗമായിരുന്നു റ്റി എസ് ജോസഫ്. റ്റൊറന്റോയിലുടനീളമുള്ള മലയാളി സമൂഹത്തിലെ എല്ലാ വിഭാഗങ്ങളെയും ഒന്നിപ്പിക്കുന്നതിൽ അദ്ദേഹം ഒരു നെടും തൂണായിരുന്നു. നോർത്ത് യോർക്കിൽ ആദ്യത്തെ മലയാളി ക്ലാസ്സുകൾ ആരംഭിച്ചപ്പോഴും പഠിപ്പിക്കാൻ അദ്ദേഹം മുന്നോട്ട് വന്നു. യോർക്ക് ആൻഡ് സ്കാർബറോ ബോർഡിന്റെ സപ്ലൈ റ്റീച്ചറായാണ് വിരമിച്ചത്.

ഭാര്യ : സിസിലി ജോസഫ്. മക്കൾ : ഷെറി (മത്തായി) ഡേവിസ്, ലിബി, ഷെൽബി (ഡെറക്), ഇർവിൻ. കൊച്ചുമക്കൾ : എറിൻ, സിയറ, ഹണ്ടർ, മേഗൻ.

സഹോദരങ്ങൾ : സിസിലി, ടോമി (ഭാര്യ സാലി), ലീല (ഭർത്താവ് സതീശൻ). ന്യൂയോർക്ക് റോക്ക് ലാൻഡ് കൗണ്ടി ലെജിസ്ലേറ്റർ ഡോ. ആനി പോളിന്റെ ഭർത്താവ് പരേതനായ ശ്രീ അഗസ്റ്റിൻ പോൾ പിതൃസഹോദര പുത്രനാണ്.

പൊതുദർശനം : ജൂൺ 29 വ്യാഴാഴ്ച ഉച്ച കഴിഞ്ഞ് 2 മണി മുതൽ 4 മണി വരെയും തുടർന്ന് 5.30 മണി മുതൽ 8 മണി വരെയും റിച്ച്മണ്ട് ഹിൽ മാർഷൽസ് ഫ്യൂണറൽ ഹോമിൽ (10366 Yonge tSreet, RICHMOND HILL, ON L4C3B8).

സംസ്കാര ശുശ്രൂഷ : ജൂൺ 30 വെള്ളിയാഴ്ച ഉച്ചയ്ക്ക് ഒരു മണിക്ക് സെന്റ് ലൂക്ക്സ് കാത്തലിക് ചർച്ചിൽ നടക്കും. തുടർന്ന് സംസ്കാരം തോൺഹിൽ ലൂക്ക്സ് പാരിഷ് ഹോളി ക്രോസ് സെമിത്തേരിയിൽ നടക്കും.

# ഫ്രാൻസിസ് മാർപാപ്പയുടെ പ്രതിനിധി യുക്രെനിൽ



വത്തിക്കാൻ സിറ്റി : യുക്രൈൻ റഷ്യ യുദ്ധത്തിൽ വേദനയനുഭവിക്കുന്നവർക്കു അവശ്യസാധനങ്ങളും, ഭക്ഷണവും മരുന്നുകളുമായി മാർ പാപ്പയുടെ പ്രതിനിധി കർദ്ദിനാൾ കോൺറാഡ് ക്രജേവ്സ്കി യുക്രൈനിൽ. ഇത് ആറാം തവണയാണ് കർദ്ദിനാൾ ക്രജേവ്സ്കി യുക്രൈനിൽ സഹായവുമായി എത്തുന്നത്. 'സുവിശേഷ പര്യവേഷണം' എന്നാണ് കർദ്ദിനാൾ തന്റെ യാത്രകളെ വിശേഷിപ്പിച്ചത്. ഡേസയിലും, മൈക്കോളൈവിലും, ഖേഴ്സണിലും സന്ദർശനം നടത്തി, കർദ്ദിനാൾ സഹായം കൈമാറും. യുക്രയിനിലെ ആളുകളോടൊപ്പം ആയിരിക്കാൻ ലഭിച്ച അവസരം അമൂല്യമാണെന്നും, എല്ലാവരുടെയും പ്രാർത്ഥന തുടർന്നും ഉണ്ടാകണമെന്നും കർദ്ദിനാൾ അനുസ്മരിച്ചു. തെക്കൻ യുക്രേനിയൻ നഗരത്തിൽ സ്ഥിതി ചെയ്യുന്ന കഖോവ്ക ജലവൈദ്യുത അണക്കെട്ട് നേരത്തെ യുദ്ധത്തിൽ നശിച്ചിരിന്നു. തത്ഫലമായി എൺപതിലധികം ഗ്രാമങ്ങളും പട്ടണങ്ങളും വെള്ളത്തിനടിയിലായി. കൂടാതെ 20,000 ഹെക്ടർ കൃഷി ഭൂമി നശിപ്പിക്കപ്പെടുകയും 150 ടണ്ണിലധികം പെട്രോൾ ഒഴുകിപ്പോവുകയും ചെയ്തിരിന്നു. അതിദയനീയമായ ഈ സാഹചര്യത്തിലാണ് മരുന്നുകളും മറ്റു ഭക്ഷ്യവസ്തുക്കളുമായി കർദ്ദിനാൾ എത്തിച്ചേർന്നിരിക്കുന്നത്. റഷ്യൻ ബോംബാക്രമണങ്ങൾക്കിടയിലും വിശ്വാസികളുടെ ശക്തമായ സാന്നിധ്യമുള്ള മൈക്കോളൈവ് ഇടവകയിലെ വികാരിയോടൊപ്പം ഏതാനും മണിക്കൂറുകളും കർദ്ദിനാൾ ചിലവഴിച്ചു.

# ലീഡേഴ്സ് ഡെവലപ്മെൻറ് സെമിനാർ

തിരുവനന്തപുരം : Awana Kerala Teamന്റെ ആഭിമുഖ്യത്തിൽ World Lead Level one ലീഡേഴ്സ് ഡെവലമെൻറ് സെമിനാർ, തിരുവനന്തപുരം ബേക്കറി ജംഷനിൽ ഇൻറർ നാഷണൽ സീയോൻ അസംബ്ലി ചർച്ചിൽ വച്ച് നടക്കുകയുണ്ടായി. പ്രസ്തുത സെമിനാറിൽ പാസ്റ്റർ സാമുവേൽ അദ്ധ്യക്ഷത വഹിക്കുകയും.പാസ്റ്റമാരായ സാജു ജോൺ ( ബാഗ്ലൂർ ), ആഷിശ് എബ്രാഹാം തുടങ്ങിയവർ ക്ലാസുകൾക്ക് നേതൃത്വം നൽക്കുകയും ചെയ്തു




Editorial board

Chief Editor:
Blessin John Malayil
Managing Editor
Aji George
Publisher
Nelson George

Editors:
Pr Sajo Thonikkuzhiyil
Pr. Titus Johnson
Pr. Sam Elambal
Joji lype Mathews
Pr. Shibu Thomas , Oklahoma .
Pr. Blesson Cherian , Canada.
Rojin Pynummoodu
Duglus Joseph
Sis.Jessy Koshy
Sis.Blessy Rufus

+91 9188522220 +91 9846552220 mail: cnl7news@gmail.com

# ഒരേ സമയം രണ്ട് ബിരുദം നേടാൻ ഓപ്പൺ സർവ്വകലാശാലയിൽ അവസരം

കേരളത്തിലെ കോളേജുകളിലെ ബിരുദ വിദ്യാർത്ഥികൾക്ക് അതോടൊപ്പം തന്നെ ഓപ്പൺ സർവ്വകലാശാലയിൽ മറ്റൊരു ബിരുദ പാഠ്യപദ്ധതിക്ക് കൂടി പ്രവേശനം നൽകാൻ ശ്രീ നാരായണ ഗുരു ഓപ്പൺ യൂണിവേഴ്സിറ്റിയുടെ സിൻഡിക്കേറ്റ് തീരുമാനിച്ചു. യു.ജി.സി യുടെ മാർഗ്ഗ നിർദ്ദേശപ്രകാരമാണ് സർവ്വകലാശാല ഈ സുപ്രധാനമായ തീരുമാനം കൈക്കൊണ്ടത്. ഇതനുസരിച്ച് ഒരേ സമയം രണ്ട് ബിരുദം നേടാൻ തല്പരരായ വിദ്യാർത്ഥികൾക്ക് ഓപ്പൺ സർവ്വകലാശാല പ്രദാനം ചെയ്യുന്ന പാഠ്യപദ്ധതികളിലേക്കാണ് പ്രവേശനം ലഭിക്കുക.

# ന്യൂ ഇന്ത്യാ ചർച്ച് ഓഫ് ഗോഡ് ഡിപ്പാർട്ടുമെന്റ് ഡയറക്ടേഴ്സിനെ പ്രഖ്യാപിച്ചു




ചിങ്ങവനം: ന്യൂ ഇന്ത്യാ ചർച്ച് ഓഫ് ഗോഡ് ഡിപ്പാർട്ടുമെന്റ് ഡയറക്ടേഴ്സിനെ ജനറൽ സെക്രട്ടറി പാസ്റ്റർ ബിജു തമ്പി പ്രഖ്യാപിച്ചു. പാസ്റ്റർ ബിനു തമ്പി കൊൽക്കട്ട (ജനറൽ ഡയറക്ടർ), പാസ്റ്റർ തോമസ് മാത്യു ചെന്നൈ (മിഷൻസ്), പാസ്റ്റർ ബിജി കുര്യൻ മീറജ് (പ്രയർ), പാസ്റ്റർ റെജി കുര്യൻ ദോഹ ( പാസ്റ്റേഴ്സ് വെൽഫെയർ & ചാരിറ്റി), പാസ്റ്റർ മാർട്ടിൻ ഫിലിപ്പ് ഗോവ (ട്രെയ്നിങ് & ഡവലപ്മെന്റ്), പാസ്റ്റർ ചാൾസ് തോമസ് ജോസഫ് ബൽഗാം (യൂത്ത്), പാസ്റ്റർ സാബു കെ.ജി മംഗലാപുരം (ചിൽഡ്രൻസ്),സിസ്റ്റർ മറിയാമ്മ തമ്പി ചിങ്ങവനം (ലേഡീസ്), പാസ്റ്റർ വിനോദ് ചാക്കോ മൈസൂർ (ലീഗൽ & കംപ്ലയൻസ്), ബ്രദർ.അജേഷ് ജോസ് മുംബൈ, പാസ്റ്റർ എബ്രഹാം മാത്യു കൊൽക്കട്ട (അഡ്മിൻ), പാസ്റ്റർ സുജിത് പി.എസ് ചിങ്ങവനം (മീഡിയ & കമ്മ്യൂണിക്കേഷൻ) തുടങ്ങിയവർ വിവിധ ഡിപ്പാർട്ടുമെന്റുകൾക്ക് നേതൃത്വം നല്കും. ഓരോ ഡിപ്പാർട്ടുമെന്റുകൾക്കും സ്റ്റേറ്റ് പ്രതിനിധികളെ ഉൾപ്പെടുത്തികൊണ്ടുള്ള ടീമും രൂപീകരിച്ചു.

# സൺഡേ സ്കൂൾ അദ്ധ്യാപക പരിശീലന പ്രോഗ്രാം നടന്നു

കട്ടപ്പന : ഇടുക്കി ജില്ലയിൽ ഹൈറേഞ്ച് മേഖലാ സൺഡേ സ്കൂളിന്റെ സഹകരണത്തോടെ ജൂൺ 26ന് ഐപിസി നരിയൻപാറ പെനിയേൽ ചർച്ചിൽ ഐപിസി കേരളാ സ്റ്റേറ്റ് സൺഡേ സ്കൂൾ അധ്യാപക പരിശീലന പ്രോഗ്രാം നടന്നു. കുമളി സെന്റർ മിനിസ്റ്റർ പാസ്റ്റർ എം ഐ കുര്യന്റെ അദ്ധ്യക്ഷതയിൽ കട്ടപ്പന സെന്റർ മിനിസ്റ്റർ പാസ്റ്റർ എം.ടി തോമസ് ഉൽഘാടനം ചെയ്തു . സ്റ്റേറ്റ് സൺഡേ സ്കൂൾ അസ്സോസിയേറ്റ് സെക്രട്ടറി പാസ്റ്റർ റ്റി.എ തോമസ് വടക്കഞ്ചേരി , സെക്രട്ടറി പാസ്റ്റർ തോമസ് മാത്യു ചാരുവേലി , ട്രഷറാർ ഫിന്നി പി മാത്യു , ഡപ്യൂട്ടി ഡയറക്ടർ ബെന്നി പുള്ളോലിക്കൽ എന്നിവർ ക്ലാസുകൾ എടുത്തു.

ഇടുക്കി സെന്റർ മിനിസ്റ്റർ പാസ്റ്റർ ഒ കുഞ്ഞുമോൻ , പാസ്റ്റർ ജോസഫ് ജോൺ എന്നിവർ ആശംസകൾ അറിയിച്ചു. പാസ്റ്റർമാരായ തോമസ് എബ്രഹാം , സുനിൽ വി. ജോൺ എന്നിവർ പ്രാർത്ഥയ്ക്ക് നേതൃത്വം നൽകി. മേഖലാ പ്രസിഡന്റ് പാസ്റ്റർ സുരേഷ് കുമാർ, സെക്രട്ടറി പാസ്റ്റർ സി.വി എബ്രഹാം, ട്രഷറാർ എം.കെ. കുഞ്ഞുമോൻ, പാസ്റ്റർ സാജു ചാക്കോ എന്നിവർ നേതുത്വം നൽകി.

# സ്വവർഗ വിവാഹം താൽക്കാലികമായി രജിസ്റ്റർ ചെയ്യാൻ ഉത്തരവിട്ട് നേപ്പാൾ സുപ്രീം കോടതി



കാഠ്മണ്ഡു: സ്വവർഗ വിവാഹം താൽക്കാലികമായി രജിസ്റ്റർ ചെയ്യാൻ സർക്കാരിനോട് നിർദേശിച്ച് ഇടക്കാല ഉത്തരവ് പുറപ്പെടുവിച്ച് നേപ്പാൾ സുപ്രീം കോടതി. ദമ്പതികൾ ആവശ്യപ്പെട്ടാൽ വിവാഹം രജിസ്റ്റർ ചെയ്യാനുള്ള ക്രമീകരണങ്ങൾ ഒരുക്കി നൽകണമെന്ന് ജസ്റ്റിസ് തിൽ പ്രസാദ് ശ്രേഷ്ഠ സർക്കാരിനോട് ഉത്തരവിട്ടു. ആക്ടിവിസ്റ്റ് പിൻങ്കി ഗുരുങ് ഉൾപ്പെടെ ഏഴ് പേർ സ്വവർഗ വിവാഹം നിയമവിധേയമാക്കണമെന്ന് ആവശ്യപ്പെട്ട് പ്രധാനമന്ത്രിക്കും മന്ത്രിസഭാ കൗൺസിൽ ഓഫീസിനും റിട്ട് നൽകി. വിഷയത്തിൽ 15 ദിവസത്തിനകം രേഖാമൂലം മറുപടി നൽകണമെന്ന് സുപ്രീംകോടതി സർക്കാരിനോട് ആവശ്യപ്പെട്ടു. 15 വർഷം മുൻപ് സ്വവർഗ വിവാഹത്തിന് സുപ്രീംകോടതി അനുമതി നൽകിയിട്ടും നേപ്പാൾ നിയമം വിവാഹത്തിന് തടസം നിൽക്കുന്നതിനാലാണ് കോടതിയെ സമീപിച്ചതെന്ന് ഹരജിക്കാർ പറയുന്നു. സ്വവർഗ വിവാഹത്തിനുള്ള അനുമതി സുപ്രീംകോടതി നൽകിയിരുന്നെങ്കിലും പ്രത്യേക നിയമത്തിന്റെ അഭാവത്തിൽ ഇത് നടപ്പാക്കാത്തതിനാലാണ് ഇവർ ആവശ്യവുമായി സുപ്രീംകോടതിയെ സമീപിച്ചത്.

## ഡാളസ് ഐപിസി ഹെബ്രോൻ VBS ജൂലൈ 5 മുതൽ

ഡാളസ്: ഐപിസി ഹെബ്രോൻ ഡാളസിന്റെ ആഭിമുഖ്യത്തിൽ വേനലവധിക്കാല ബൈബിൾ ക്ലാസ് ജൂലൈ 5 ബുധൻ മുതൽ 7 വെള്ളി വരെ എല്ലാ ദിവസവും വൈകിട്ട് 6.30 മുതൽ സഭയുടെ ഗാർലൻഡിൽ ഉള്ള ആരാധനാലയത്തിൽ (1751 Wall tSreet, Garland, TX 75041) നടക്കും. സ്കൂൾ കുട്ടികൾക്കും, യുവജനങ്ങൾക്കും, മുതിർന്നവർക്കും പ്രത്യേകം ക്ലാസുകൾ ഉണ്ടായിരിക്കും.

യുവജനങ്ങൾക്കായുള്ള ഇംഗ്ലീഷ് സെഷനുകളിൽ എംസി ഡില്ലൻ, നാൻസി തോമസ്, പവിൻ തോമസ് എന്നിവർ നയിക്കും. മലയാളം ക്ലാസുകളിൽ പാസ്റ്റർ കെ. ജെ. തോമസ് (കുമളി) മുഖ്യ സന്ദേശം നൽകും.

കൂടുതൽ വിവരങ്ങൾക്ക്: സാം വർഗ്ഗീസ് : (214) 218 0460, ഏബ്രഹാം മോനിസ് ജോർജ്ജ് : (972) 302 8545.




## ക്രിസ്ത്യൻ മാട്രിമോണി

Born & raised in Qatar, Pentecostal youth (28/5'5), only son, works as a Chemical Engineer (Schlumberger), invites proposals from parents of spiritual and God fearing girls.“. Preference will be given to those those from medical field. Phone :97455327348. (WhatsApp) Email: jaj3292000@yahoo.co.in

### വധുവിനെ ആവശ്യമുണ്ട്

Remarriage,Born Again Syrian Christian
Boy,31 yr/172 cm,BE.Mech,Pathanamthitta 9946847617

ക്രിസ്ത്യൻ പെന്തക്കോസ്ത് യുവാവ് Age-41, Height-179 (B. A Sociology, Bth, Dip Mission., B A. in Minitsry) ജോലിയോടൊപ്പം ജീവകാരുണ്യ പ്രവർത്തനവും സുവിശേഷ പ്രവർത്തനവും നടത്തുന്നു. സ്വദേശത്തോ വിദേശത്തോ ജോലിയുള്ളതും ഇല്ലാത്തതുമായ അനുയോജ്യമായ പെൺകുട്ടികളിൽ നിന്നും വിവാഹലോചനകൾ ക്ഷണിക്കുന്നു. ബാധ്യത ഇല്ലാത്ത പുനർ വിവാവഹവും പരിഗണിക്കും. **ഫോൺ: 9847683343.**

# പടിഞ്ഞാറൻ മാനിറ്റോബയിൽ ചുഴലിക്കാറ്റ് മുന്നറിയിപ്പ്

**വിന്നിപെഗ് ഉൾപ്പെടെ തെക്കൻ മാനിറ്റോബയുടെ ഭൂരിഭാഗം പ്രദേശങ്ങളിലും ടൊർണാഡോ വാച്ച് നൽകിയിട്ടുണ്ടെന്നും എൻവയോൺമെന്റ് ആൻഡ് ക്ലൈമറ്റ് ചേഞ്ച് കാനഡ അറിയിച്ചു**

വിന്നിപെഗ് : പടിഞ്ഞാറൻ മാനിറ്റോബയിൽ അതിശക്തമായ ചുഴലിക്കാറ്റ് വീശുമെന്ന് എൻവയോൺമെന്റ് ആൻഡ് ക്ലൈമറ്റ് ചേഞ്ച് കാനഡ മുന്നറിയിപ്പ് നൽകി. ആഷ്‌വില്ലെ ഉൾപ്പെടെയുള്ള ഗിൽബെർട്ട് പ്ലെയിൻസ് മുനിസിപ്പാലിറ്റിയിൽ ഉച്ചയ്ക്ക് ഒരു മണിയോടെ ആദ്യ മുന്നറിയിപ്പ് നൽകിയതായി അലേർട്ടിൽ പറഞ്ഞു. തുടർന്ന് നീപാവയും കാർബെറിയും ഉൾപ്പെടെ നോർത്ത് സൈപ്രസ്‌ലാങ്ഫോർഡ് മുനിസിപ്പാലിറ്റിയിൽ ഉച്ചയ്ക്ക് ഒന്നരയോടെ രണ്ടാമത്തെ മുന്നറിയിപ്പും നൽകിയതായി കാലാവസ്ഥാ ഏജൻസി അറിയിച്ചു.

വിന്നിപെഗ് ഉൾപ്പെടെ തെക്കൻ മാനിറ്റോബയുടെ ഭൂരിഭാഗം പ്രദേശങ്ങളിലും ടൊർണാഡോ വാച്ച് നൽകിയിട്ടുണ്ടെന്നും എൻവയോൺമെന്റ് ആൻഡ് ക്ലൈമറ്റ് ചേഞ്ച് കാനഡ അറിയിച്ചു. മുനിസിപ്പാലിറ്റി ഓഫ് ടു ബോർഡേഴ്സ് ഉൾപ്പെടെയുള്ള സസ്കാച്ചെവൻ അതിർത്തിയിൽ നിന്ന് ഒന്റാറിയോ അതിർത്തി വരെയും തുടർന്ന് സെന്റ് മാർട്ടിൻ തടാകം വരെയും മുന്നറിയിപ്പ് ബാധകമാണെന്നും കാലാവസ്ഥാ ഏജൻസി പറഞ്ഞു.

കൂടാതെ ശക്തമായ ആലിപ്പഴം വീഴ്ചയും 50 മില്ലിമീറ്ററിൽ കൂടുതൽ കനത്ത മഴയും ഉണ്ടാകുമെന്നും ജാഗ്രതാ നിർദ്ദേശത്തിൽ പറഞ്ഞു. ചുഴലിക്കാറ്റ് സൃഷ്ടിക്കാൻ സാധ്യതയുള്ള ശക്തമായ ഇടിമിന്നൽ പ്രദേശത്ത് ഉണ്ടെന്നും പറഞ്ഞു. കാലാവസ്ഥ മോശമായാൽ ജാഗ്രത പാലിക്കണമെന്നും അപകടകരവും ജീവൻ അപകടപ്പെടുത്തുന്നതുമായ സാഹചര്യമാണെന്നും ദേശീയ കാലാവസ്ഥാ ഏജൻസി മുന്നറിയിപ്പ് നൽകി.

# ഗുജറാത്തിന് സമാനമായ വംശഹത്യ; മണിപ്പൂർ വിഷയത്തിൽ കേന്ദ്രത്തിനെതിരെ ബിഷപ്പ് പാംപ്ലാനി



**രാജ്യത്ത് ഒരു തരത്തിലുള്ള വിവേചനവും നടക്കുന്നില്ലെന്നാണ് പ്രധാനമന്ത്രിയുടെ വാദം ശരിയല്ലെന്നും അദ്ദേഹം കൂട്ടിച്ചേർത്തു. ആസൂത്രിതമായി നടക്കുന്ന കലാപത്തെ സർക്കാർ പിന്തുണയ്ക്കുന്നുണ്ടോ എന്ന ആശങ്ക ശക്തമാണെന്നും അദ്ദേഹം വ്യക്തമാക്കി**

തലശ്ശേരി :മണിപ്പൂർ കലാപം അടിച്ചമർത്തുന്നതിൽ കേന്ദ്ര സംസ്ഥാന സർക്കാരുകൾ പരാജയപ്പെട്ടെന്ന് തലശ്ശേരി അതിരൂപത ആർച്ച് ബിഷപ്പ് മാർ ജോസഫ് പാംപ്ലാനി. ഗുജറാത്തിൽ നടന്നതിന് സമാനമായ വംശഹത്യയാണ് മണിപ്പൂരിൽ നടന്നത് എന്നാണ് ബിഷപ്പിന്റെ വിമർശനം. കലാപം നാൾക്കുനാൾ ശക്തമായിക്കൊണ്ടിരിക്കുകയാണ്. ഇന്ത്യൻ സൈന്യത്തെപ്പോലും തടഞ്ഞുവെക്കുന്ന കലാപം എന്നത് ഇതുവരെ കേട്ടുകേൾവി ഇല്ലാത്ത ഒന്നാണെന്നും ബിഷപ്പ് മാധ്യമങ്ങളോട് പ്രതികരിച്ചു.

വിഷയത്തെ രാഷ്ട്രീയവത്ക്കരിക്കാൻ ഉദ്ദേശിക്കുന്നില്ല. എന്നാൽ പ്രധാനമായും ക്രിസ്ത്യൻ പള്ളികളെ ലക്ഷ്യമിട്ടാണ് മണിപ്പൂരിൽ കലാപം നടക്കുന്നതെന്നും വ്യക്തമാക്കി. മണിപ്പൂർ വിഷയത്തൽ പ്രധാനമന്ത്രി പ്രതികരണത്തിന് മുതിരാത്തതിലുള്ള അതൃപ്തിയും ബിഷപ്പ് പ്രകടമാക്കി. ഇത്രവലിയ സംഭവം നടന്നിട്ടും ഒരു പ്രതികരണത്തിന് പോലും തയ്യാറാവാതെ പ്രധാനമന്ത്രി അമേരിക്കയിലേക്ക് പോയി. രാജ്യത്ത് ഒരു തരത്തിലുള്ള വിവേചനവും നടക്കുന്നില്ലെന്ന പ്രധാനമന്ത്രിയുടെ വാദം ശരിയല്ലെന്നും അദ്ദേഹം കൂട്ടിച്ചേർത്തു. ആസൂത്രിതമായി നടക്കുന്ന കലാപത്തെ സർക്കാർ പിന്തുണയ്ക്കുന്നുണ്ടോ എന്ന ആശങ്ക ശക്തമാണെന്നും അദ്ദേഹം വ്യക്തമാക്കി. ഭരണഘടന ഉറപ്പു നൽകുന്ന സ്വാതന്ത്യം സംരക്ഷിക്കേണ്ടത് രാജ്യം ഭരിക്കുന്ന സർക്കാരിന്റെ ഉത്തരവാദിത്വമാണ്. എന്നാൽ, അക്കാര്യത്തിൽ സർക്കാരിന് വലിയ വീഴ്ച സംഭവിച്ചെന്നും പാംപ്ലാനി കുറ്റപ്പെടുത്തി. ആസൂത്രിതമായ കലാപ നീക്കം നടന്നു. അതിനു പിന്നിലുള്ളവരെ സംരക്ഷിക്കാൻ സർക്കാർ ശ്രമിച്ചെന്നും അദ്ദേഹം പറഞ്ഞു .

## ‘ടൈറ്റന്റെ’ അവശിഷ്ടങ്ങളുമായി കനേഡിയൻ കപ്പൽ തിരിച്ചെത്തി



**ഒരു വലിയ സ്ഫോടനത്തിലാണ് ടൈറ്റൻ പൊട്ടിത്തെറിച്ചത്**

വാഷിങ്ടൺ: ടൈറ്റന്റെ അവശിഷ്ടങ്ങളുമായി കനേഡിയൻ കപ്പൽ ന്യൂഫൗണ്ട്ലാന്റിലെ സെന്റ് ജോൺസിലെ തുറമുഖത്ത് തിരിച്ചെത്തി. ടൈറ്റാനിക്കിന്റെ അവശിഷ്ടങ്ങൾ തേടിയുള്ള യാത്രയിൽ കഴിഞ്ഞയാഴ്ചയാണ് ടൈറ്റാൻ മുങ്ങിക്കപ്പൽ പൊട്ടിത്തെറിച്ച് അഞ്ച് പേർ മരിച്ചത്. ന്യൂഫൗണ്ട്ലാന്റിൽ നിന്ന് ഏകദേശം 700 കിലോമീറ്റർ തെക്ക് ടൈറ്റാനിക്കിന്റെ അവശിഷ്ടങ്ങൾക്ക് സമീപമാണ് തിരച്ചിൽ നടത്തിയത്. 10 ദിവസം നീണ്ടുനിന്ന തിരച്ചിലിനൊടുവിലാണ് ടൈറ്റാന്റെ അവശിഷ്ടം കണ്ടെത്തിയത്. ജൂൺ 18 ന് ടൈറ്റാനിക്കിന്റെ അവശിഷ്ടങ്ങൾ കാണാനുള്ള യാത്രയ്ക്കിടെ കടലിന്റെ ഉപരിതലത്തിൽ നിന്ന് ഏകദേശം നാല് കിലോമീറ്റർ താഴെയായി ഒരു വലിയ സ്ഫോടനത്തിലാണ് ടൈറ്റൻ പൊട്ടിത്തെറിച്ചത്. ഇതിലുണ്ടായിരുന്ന അഞ്ച് യാത്രക്കാരും മരണപ്പെട്ടു. ടൈറ്റാനിക്കിന്റെ അവശിഷ്ടങ്ങൾക്ക് 500 മീറ്റർ അകലെ ടൈറ്റന്റെ അവശിഷ്ടങ്ങൾ കണ്ടെത്തിയതിനെ തുടർന്ന് കപ്പലിലുണ്ടായിരുന്ന എല്ലാവരും മരിച്ചതായി യു.എസ് കോസ്റ്റ് ഗാർഡ് പ്രഖ്യാപിക്കുകയായിരുന്നു. 22 അടി (6.7 മീറ്റർ) ഉയരമുള്ള ടൈറ്റന്റെ അഞ്ച് പ്രധാന ഭാഗങ്ങളാണ് കണ്ടെത്തിയിട്ടുള്ളത്. അതിൽ കപ്പലിന്റെ പിൻഭാഗവും മർദ്ദം നിയന്ത്രിക്കുന്ന രണ്ട് ഭാഗങ്ങളും ഉൾപ്പെടുന്നതായി കോസ്റ്റ് ഗാർഡ് ഉദ്യോഗസ്ഥർ പറഞ്ഞു. ടൈറ്റനെ കുറിച്ചുള്ള വിവരം ലഭിക്കാൻ നിരവധി രാജ്യങ്ങളിൽ നിന്നുള്ള രക്ഷാസംഘങ്ങൾ വിമാനങ്ങളും കപ്പലുകളും ഉപയോഗിച്ച് ആയിരക്കണക്കിന് മൈൽ കടലിനടിയിൽ തിരച്ചിൽ നടത്തിയിരുന്നു. എന്നാൽ അവശിഷ്ടങ്ങളുടെ സ്ഥാനം ടൈറ്റാനിക്കിന്റെ അവശിഷ്ടമുള്ളതിന് താരതമ്യേന അടുത്തായിരുന്നു. അതിനടുത്തേക്ക് ഇറങ്ങുന്നതിനിടെയാവാം അപകടം നടന്നതെന്നാണ് വിവരങ്ങൾ സൂചിപ്പിക്കുന്നത്.

## മിസോറാമിലേക്ക് സുരക്ഷിതസ്ഥാനം തേടി എത്തിയത് പതിനായിരത്തിലേറെ മണിപ്പൂരികൾ



ഐസ്വാൾ: വംശീയകലാപം തുടരുന്ന മണിപ്പൂരിൽ നിന്നും അയൽസംസ്ഥാനമായ മിസോറാമിലേക്ക് സുരക്ഷിതസ്ഥാനം തേടിയെത്തിയത് 12,000ത്തിലേറെ പേർ. മണിപ്പൂരിൽ കലാപം പൊട്ടിപുറപ്പെട്ട മെയ് മൂന്നുമുതൽ ഇപ്പോഴും അതിർത്തികടന്ന് മിസോറാമിലേക്ക് മണിപ്പൂരികൾ എത്തിക്കൊണ്ടിരിക്കുകയാണ്. ആളുകൾ കൂട്ടത്തോടെ വരാനാരംഭിച്ചതോടെ പ്രതിസന്ധിയിലായിരിക്കുകയാണ് മിസോറാം സർക്കാർ. അഭയം തേടിയെത്തുന്നവർക്ക് ആവശ്യമായ സഹായങ്ങൾ ചെയ്തുനൽകണമെങ്കിൽ ഫണ്ട് നൽകണമെന്നാണ് കേന്ദ്ര സർക്കാരിനോട് മിസോറാം ആവശ്യപ്പെടുന്നത്. 10 കോടി നൽകണമെന്നാണ് മിസോറാം സർക്കാരിന്റെ ആവശ്യം.

ധനസഹായം ആവശ്യപ്പെട്ട് മിസോറാം മുഖ്യമന്ത്രി സോറാംതംഗ മേയ് ആദ്യം തന്നെ പ്രധാനമന്ത്രിക്ക് കത്തെഴുതിയിരുന്നു. സംസ്ഥാനത്തെ മന്ത്രി റോബർട്ട് റോയിറ്റിന്റെ നേതൃത്വത്തിലുള്ള ഒരുസംഘം ഈ ആവശ്യം ഉന്നയിച്ച് ഡൽഹി സന്ദർശിച്ചു. ആവശ്യം പരിഗണിക്കപ്പെടാത്ത സാഹചര്യത്തിൽ വീണ്ടും കേന്ദ്ര സർക്കാരിനെ സമീപിക്കാനിരിക്കുകയാണ് മിസോറാം സർക്കാർ. സുരക്ഷിത സ്ഥാനം തേടിയെത്തുന്നവരെ ചേർത്തുനിർത്താനായി ഇതുവരെ ഒരു ധനസഹായവും ലഭ്യമായിട്ടില്ല. സംസ്ഥാനത്തിന്റെയും സന്നദ്ധ സംഘടനകളുടെയും സ്വകാര്യ വ്യക്തികളുടെയും ഫണ്ട് ഉപയോഗിച്ചാണ് ഇതുവരെ മണിപ്പൂരിൽ നിന്നെത്തിയവരെ സഹായിക്കാൻ സാധിച്ചത്. മിസോറാമിലെ സ്കൂളുകളിൽ മണിപ്പൂരിൽനിന്നുള്ള ധാരാളം കുട്ടികളെ പ്രവേശിപ്പിച്ച് കഴിഞ്ഞു. ഭക്ഷണവും ചികിത്സാ സൗകര്യങ്ങളും എല്ലാം ഇതുവരേയും നൽകി. ഇനി മുന്നോട്ടുപോകണമെങ്കിൽ കേന്ദ്ര ധനസഹായം കൂടിയേതീരു” മിസോറാം ആഭ്യന്തര കമ്മീഷണർ എച്ച് ലാലെങ്മാവിയ പറഞ്ഞു.

## മണിപ്പൂർ കലാപത്തിനെതിരെ പി സി ഐ

അനീഷ് പാമ്പാടി




കോട്ടയം : മണിപ്പൂരിലും മറ്റ് സംസ്ഥാനങ്ങളിലും വർദ്ധിച്ചു വരുന്ന ക്രൈസ്തവ പീഡനങ്ങൾക്കെതിരെ പെന്തകോസ്തൽ കൗൺസിൽ ഓഫ് ഇന്ത്യ (പിസിഐ)കോട്ടയം ജില്ലായുടെ നേതൃത്വത്തിൽ നടത്തിയ പ്രതിക്ഷേധ കൂട്ടായ്മ കോട്ടയം ഗാന്ധി സ്ക്വയറിൽ നടന്നു.ജില്ല ജനറൽ സെക്രട്ടറി പാസ്റ്റർ റ്റി.വി തോമസിന്റെ അദ്ധ്യക്ഷതയിൽ ജില്ലാ പ്രസിഡണ്ട് പാസ്റ്റർ ഏബ്രഹാം ജോൺ ഉത്ഘാടനം ചെയ്തു.പി സി ഐ സംസ്ഥാന ട്രഷറർ പാസ്റ്റർ രാജീവ് ജോൺ പുഴനാട് നയവിശദീകരണം നടത്തി. സംസ്ഥാന പ്രയർ കൺവീനർ പാസ്റ്റർ ബിനോയി ചാക്കോ , പി ഡബ്ല്യു സി സംസ്ഥാന എക്സിക്യൂട്ടീവ് അംഗം എൽസമ്മ മാത്യു തുടങ്ങിയവർ ആശംസകൾ അറിയിച്ചു.ജില്ല വൈസ് പ്രസിഡന്റ് കെ എം മാത്യു സ്വാഗതവും, ജില്ലാ പ്രയർ കോർഡിനേറ്റർ പാസ്റ്റർ ബിജു ഉള്ളാട്ടിൽ നന്ദിയും പറഞ്ഞു.പ്രാത്ഥനകൾക്ക് പാസ്റ്റമ്മാരായ കെ എൻ കുഞ്ഞുമോൻ, കെ എസ് ജോയി തുടങ്ങിയവർ നേതൃത്വം നൽകി.
ജില്ലാ,യൂണിറ്റ് ഭാരവാഹികൾ പ്രതിക്ഷേധ കൂട്ടായ്മയിൽ സംബന്ധിച്ചു.


CHRISTIANLIVE
CHRISTIAN LIVE.IN
Presents
Bhakta Smarana
2023 JULY
03
MONDAY
07:30 PM
SHARJAH
WORSHIP
CENTRE
DR. WILSON JOSEPH
DR. K.O.MATHEW
CALL NOW : BRO.SANTHOSH EAPEN
050 6576490
CHRISTIAN MUSIC NIGHT WITH THE PARTICIPATION OF FAMILY MEMBERS OF LATE EVG. BHAKTAVALSALAN & FAMOUS DEVOTIONAL SINGERS FROM KERALA
OFFICIAL LAUNCH OF CHRISTIAN LIVE MEDIA OPERATIONS IN UAE